ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്. അതിന് പുറമെ എസ്. എസ്. എൽ. സി., പ്ലസ് ടു തുടങ്ങിയ പരീക്ഷകളിൽ കൂടുതൽ മാർക്കുവാങ്ങിക്കുന്ന ക്ഷേമനിധി അംഗമായ കർഷകരുടെ കുട്ടികൾക്ക്, ഉപരിപഠനത്തിന് വിവിധ വിഷയങ്ങളിൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന അംഗങ്ങളുടെ മക്കൾക്ക് ക്യാഷ് അവാർഡ് നൽകുന്നതിനുവേണ്ട ഒരു പദ്ധതിയും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ക്ഷേമനിധിയിൽ അംഗങ്ങളായ കൃഷിക്കാരുടെ മക്കൾക്ക്, കാർഷിക സർവകലാശാലയിൽ പഠിക്കുന്ന 10 കുട്ടികളുടെ വിദ്യാഭ്യാസ ചെലവ് പൂർണമായിട്ട് ഈ ക്ഷേമനിധിയിൽ നിന്നും നിർവഹിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. അതോടൊപ്പം തന്നെ ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ള ആയിരം കർഷകരുടെ പെൺമക്കളുടെ വിവാഹത്തിന് 5000 രൂപവരെ ഗ്രാന്റ് നൽകാൻ തീരുമാനിച്ചിട്ടുണ്ട്. കാർഷികോപകരണങ്ങൾ വാങ്ങുന്നതിനും വീട് നിർമ്മിക്കുന്നതിനും ആവശ്യമായ വായ്പകൾ നൽകാനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. ആ ക്ഷേമനിധി പദ്ധതി അടിയന്തിരമായി ഗവൺമെന്റ് പ്രാവർത്തികമാക്കുന്നതാണ്.

(14) മിൽമാ ജീവനക്കാരുടെ നിയമസഭാ മാർച്ച്

ശ്രീ. പാലോട് രവി : സർ, കേരളത്തിലൊട്ടാകെ മിൽമയിൽ 3000-ത്തോളം ജീവനക്കാർ പണിയെടുക്കുന്നുണ്ട്. പ്രതിദിനം ഉദ്ദേശം 7,00,000 ലിറ്റർ പാലാണ് അവർ പ്രോസസ് ചെയ്യുന്നത്. ഡയറി മേഖലയിലെ ഡയറി ഡിപ്പാർട്ടുമെന്റ് കെ. എൽ. ഡി. ആന്റ് എം. എം. ബോർഡ് എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ഗവൺമെന്റ് പെൻഷൻ നൽകുന്നുണ്ട്. പൊതുമേഖലയിലെ വൈദ്യുതി ബോർഡ്, വാട്ടർ അതോറിട്ടി, കെ. എസ്. ആർ. ടി. സി തുടങ്ങിയ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും പെൻഷൻ നൽകുന്നുണ്ട്. പെൻഷൻ നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേരളത്തിലെ മിൽമ ജീവനക്കാർ ഈ നിയമസഭയിലേക്ക് മാർച്ച് നടത്തുകയാണ്. ദീർഘകാലമായി പെൻഷൻ ക്ഷേമ നിധി നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിരവധി മെമ്മോറാണ്ടങ്ങൾ സി. ഐ. ടി. യു., ഐ. എൻ. ടി. യു. സി., എ. ഐ. ടി. യു. സി. എന്നീ സംഘടനകൾ ഗവൺമെന്റിനും മാനേജ്മെന്റിനും സംയുക്തമായിട്ടും ഒറ്റയ്ക്കൊറ്റക്കും നൽകിയിട്ടുണ്ട്. കഴിഞ്ഞ 5 വർഷക്കാലമായി നിലനിൽക്കുന്ന ഒരാവശ്യമെന്ന നിലയ്ക്ക് ഇതുസംബന്ധിച്ച് ഗവൺമെന്റ് അനുകൂല നിലപാട് എടുക്കുകയും ബന്ധപ്പെട്ടവർക്ക് ആവശ്യമായ നിർദ്ദേശം നൽകുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : സർ, മിൽമ ജീവനക്കാർക്ക് ഈ ആനുകൂല്യം നൽകണമെന്ന കാര്യത്തിൽ ഗവൺമെന്റ് അനുകൂലമാണ്. ആ തീരുമാനം എടുക്കാൻ കാരണം, ഇപ്പോഴാണ് എനിക്ക് ഇത് കിട്ടിയത്. പക്ഷേ, ഇതിന്റെ കൂടെ മിൽമായിലെ അല്ലാത്ത മറ്റു പല കോ-ഓപ്പറേറ്റീവ് സൊസൈറ്റീസുമുണ്ട്. ഇൻഡസ്ട്രിയൽ ടൈപ്പ് ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്, അവിടത്തെ എംപ്ലോയീസിന്റെ കാര്യവും പറഞ്ഞിട്ടുണ്ട്. ഇതെല്ലാംകൂടി സഹകരണ നിയമവകുപ്പിന്റെ അഭിപ്രായം ആരായാനായി കൊടുത്തിരിക്കുകയാണ്. അഭിപ്രായം വരുന്ന മുറയ്ക്ക് അംഗീകാരം കൊടുത്ത് അത് നടപ്പിലാക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly